**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 197** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>പുതുപ്പാടി ഗ്രാമപഞ്ചായത്ത് കുടുംബാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. കെ. കാസിം

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്ത് കുടുംബാരോഗ്യ കേന്ദ്രത്തിൽ (എഫ്.എച്ച്.സി) കിടത്തി ചികിത്സ തുടങ്ങാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** നിലവിലെ മാനദണ്ഡ പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിന്നും സമഗ്ര പ്രാഥമിക ആരോഗ്യ പരിരക്ഷ (രോഗപ്രതിരോധ പ്രവർത്തനങ്ങൾ , ആരോഗ്യ വർദ്ധക പ്രവർത്തനങ്ങൾ, ചികിത്സ സാന്ത്വന പരിചരണം, പുനരധിവാസം) സേവനങ്ങളാണ് നിഷ്കർച്ചിരിച്ചിരിക്കുന്നത് കിടത്തി ചികിത്സ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിഷ്കർഷിച്ചിട്ടില്ല. കുടുംബാരോഗ്യ കേന്ദ്രമെന്ന നിലയിൽ രാവിലെ 7 മുതൽ വൈകിട്ട് 6 മണി വരെ ഒ.പി. സൗകര്യം ഉൾപ്പെടെയുള്ള മാനദണ്ഡപ്രകാരമുള്ള സേവനങ്ങൾ പുതുപ്പാടി ഗ്രാമപഞ്ചായത്ത് കുടുംബാരോഗ്യ കേന്ദ്രത്തിൽ നൽകി വരുന്നുണ്ട്.

**(ബി)** മലയോര മേഖലയിലെ ജനങ്ങൾക്ക് അടിയന്തര ചികിത്സ ലഭിക്കുവാൻ കോഴിക്കോട് മെഡിക്കൽ കോളേജിനെ ആശ്രയിക്കേണ്ടി വരുന്നതിൽ നിന്നും ഒരു പരിധിവരെ ജനങ്ങൾക്ക് സഹായകമാകുന്ന കിടത്തി ചികിത്സ നൽകാനുള്ള നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** കോഴിക്കോട് കൊടിയത്തൂർ ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡിൽ പ്രവർത്തിക്കുന്ന ആയുർവേദ സബ് സെന്റർ, എൻ.ഐ.എ ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററായി മാറ്റാനുള്ള എന്തെങ്കിലും പ്രൊപ്പോസൽ നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** പ്രൊപ്പോസൽ നിലവിൽ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**